ഭവന നിർമ്മാണ പദ്ധതി

57 (454) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 ഡിസംബർ 28-ാം തീയതി ഭവന നിർമ്മാണ പദ്ധതി പ്രകാരം വീട് പണിയാൻ ചെക്ക് ലഭിച്ചവർക്ക് ആലപ്പുഴ ജില്ലാ ട്രഷറിയിൽ നിന്നും പണം നൽകാതിരിക്കുന്നതിനെത്തുടർന്ന് മത്സ്യത്തൊഴിലാളികളും അധികൃതരും തമ്മിൽ തർക്കം ഉണ്ടാകുകയും അല്പ നേരത്തേയ്ക്ക് സംഘർഷാവസ്ഥ സൃഷ്ടിച്ചതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 1999-2000 വർഷത്തെ പദ്ധതിയനുസരിച്ച് 35,000 രൂപ അനുവദിച്ചതിന്റെ ഗഡു തുകയ്ക്കുള്ള ചെക്ക് മാസങ്ങൾ കഴിഞ്ഞിട്ടും മാറി കൊടുക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) ആലപ്പുഴ ഫിഷറീസ് ആഫീസിൽ നിന്നും 2000 നവംബർ 13-ന് കൊടുത്ത ചെക്കുകൾ 2000 ഡിസംബർ 28-ാം തീയതി വരെ മാറി കൊടുക്കാതിരുന്നത് എന്തുകൊണ്ട് ; പ്രസ്തുത ചെക്കുകൾ എന്ന് മാറിക്കൊടുത്ത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ട്രഷറിയിൽ നിയന്ത്രണമായതിനാൽ

(സി) ട്രഷറിയിൽ നിയന്ത്രണമായതിനാൽ 13 ലക്ഷം രൂപയ്ക്കുള്ള ചെക്കുകൾ 31-01-2001-ന് മാറിക്കൊടുത്തു. ടോക്കൻ നൽകിയവയിൽ ഏഴ് ലക്ഷം രൂപയുടെ ചെക്കുകൾ മാറിക്കൊടുക്കാനുണ്ട്.

സംസ്ഥാന ട്രഷറികളിൽ സഹകരണ ബാങ്കിന്റെ നിക്ഷേപം

58 (455) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളും മറ്റ് സഹകരണ സ്ഥാപനങ്ങളും സംസ്ഥാന ട്രഷറിയിൽ എത്ര രൂപയാണ് നിക്ഷേപിച്ചിരിക്കുന്നത് ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) എത്ര നാളത്തേയ്ക്കാണ് ഈ നിക്ഷേപങ്ങൾ നടത്തിയിട്ടുള്ളത് ;

(സി) ഇതിന്മേൽ റിസർവ്വ് ബാങ്ക് എന്തെങ്കിലും നിർദ്ദേശം നൽകുകയുണ്ടായോ ; അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു ; വിശദമാക്കാമോ ;

(ഡി) പ്രസ്തുത തുക എന്താവശ്യത്തിലേയ്ക്കാണ് സർക്കാർ വിനിയോഗിച്ചതെന്നും ഈ തുക ട്രഷറിയിൽ നിക്ഷേപിക്കാനുള്ള സാഹചര്യം എന്തായിരുന്നുവെന്നും വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly